(എ) സോഷ്യൽ ഫോറസ്ട്രി പദ്ധതിയനുസരിച്ച് തണൽ മരങ്ങളും പൂമരങ്ങളും സുബാബൂൾ തുടങ്ങിയ വിദേശീയ മരങ്ങളും വെച്ചുപിടിപ്പിക്കുന്നതിനുപകരം മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളും, തേക്ക്, ഈട്ടി, തുടങ്ങിയവയും വിറകിനുപറ്റുന്ന വേഗം വളരുന്ന വൃക്ഷങ്ങളും മാത്രം വെച്ചുപിടിപ്പിക്കുന്ന നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) വൃക്ഷ തൈകളും നട്ടു പരിപാലിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും വന വികസന കോർപ്പറേഷൻ നടത്തുന്നത് മതിയാക്കി അതിനുപകരം ഇവ നഴ്സറികളും മുഖാന്തിരം നടത്തുകയും അവ ഉൽപ്പാദിപ്പിക്കുന്ന തൈകളും സന്നദ്ധസംഘടനകളും മുഖേന വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) സാമൂഹ്യ വനവൽക്കരണ പരിപാടി അനുസരിച്ച് വിറകിനു പറ്റുന്ന വേഗം വളരുന്ന വൃക്ഷങ്ങളും തണൽ മരങ്ങളും പൂമരങ്ങളും നട്ടു പിടിപ്പിക്കുന്നതാണ്. പ്രധാനമായും മാവ്, പുളി മുതലായ ഫലവൃക്ഷങ്ങൾ ഉൽപ്പാദനസംരക്ഷ ചെലവ് കൂടുതൽ ആയതിനാൽ വളരെ അപൂർവ്വമായി മാത്രമേ നട്ടുപിടിപ്പിക്കുന്നുള്ളൂ. തേക്ക്, ഈട്ടി മുതലായ ഇനങ്ങൾ തദ്ദേശപ്രാധാന്യമുള്ളതുകൊണ്ട് അവ വെച്ചു പിടിപ്പിക്കുന്നത് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ലക്ഷ്യത്തിൽപ്പെടുന്നതല്ല.

(ബി) വൃക്ഷതൈകളും നട്ടു പരിപാലിക്കുന്ന പ്രവർത്തനങ്ങളും വന വികസന കോർപ്പറേഷൻ നടത്തുന്നില്ല. വൃക്ഷതൈകളും ഉൽപ്പാദിപ്പിക്കുന്ന പ്രവർത്തനം ഇപ്പോൾ നഴ്സറികൾ വഴിയാണ് നടത്തുന്നത്. തൈകളും വിതരണം ചെയ്യുന്നത് ഡിപ്പാർട്ടുമെൻറ് നേരിട്ടും സന്നദ്ധ സംഘടനകളും മുഖേനയുമാണ്.

സഹകരണ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

*16 [17] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ഏവ;

(ബി) 1984-85 വർഷത്തിൽ പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്ക് വേണ്ടി ചെലവായ തുകയെത്ര?

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം):

(എ) സഹകരണ വീഥി മാസിക.

(ബി) 1984-85 സാമ്പത്തിക വർഷത്തിൽ സഹകരണ വീഥി പ്രസിദ്ധീകരണത്തിനുവേണ്ടി മാസികയുടെ സ്വന്തം ഫണ്ടിൽനിന്നും 48,882 രൂപ 12 പൈസ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly